Mr. K. S. Joseph: But my answer was to my friend Mr. Govindan. He asked why not weightage also be given to the unrepresented communities where they are very badly represented. I said I have no objection personally.

Any way, the object of the Public Service Commissioner should be to see that unrepresented and backward communities are given representation as early as possible. It may be that in another six years time the jobs will be so distributed that all communities will have their due share in the various departments and that this reservation may become unnecessary. Here, I will suggest that as far as possible, all direct recuritment to that scale of pay of the intermediate division be made through the Public Service Commissioner and if necessary a Staff Selection Board consisting of the heads of departments may be set up. If I have understood correctly, all the Secretariat appointments rest with Government. Am I right, Sir?

Mr. S. N. Ure: Not necessarily so. Some appointments are made direct; some are made by the Public Service Commissioner.

Mr. K. S. Joseph: Does that mean that Government reserve the right of appointing members to their services or as a rule Government makes the appointments?

Mr. S. N. Ure: Government have the right to make.

Mr. K. S. Joseph: That nobody denies. What is the generally followed practice in this matter?

Mr. S. N. Ure: The Public Service Commissioner makes no appointments unless he gets a requisition from the department.

President: Generally speaking, except in a very small number of cases, as for instance in the case of appointments of Secretaries to Government and so forth, all nominal appointments, as far as possible, are made after getting the advice of the Public Service Commissioner.

Mr. K. S. Joseph: By opening up of the Intermediate Division to the same rules as are in vogue in the matter of appointments in the Lower Division I feel that much of the discontent that has been expressed here by members of certain communities will disappear quickly.

I would like to make one more observation before I resume my seat. It has come to my notice that very often a person that has been selected by the Public Service Commissioner gets a place only for two or three months because he has been appointed in a

LIBRARY ARCHIVES Kerala Legislative Assembly

temporary place. He then goes out of the job for a year or two. In the mean time, it is reported, that, the Public Service Commissioner advises another man for appointment. He goes in to a permanent vacancy. He may be a junior man. We want the junior man not getting himself fixed in any permanent vacancy while the man who has been appointed earlier is out of job Such things have occurred time and again. I suggest that something may be done so that such anomaly do not occur.

Mr. S. N. Ure : Seniority goes by the date of first effective advice. But we cannot help occasions where most of the appointments made by the Publice Service Commissioner are temporary or acting appointments and not permanent.

Mr. K. S. Joseph : From that observation it is evident that such anomalies do exist.

President : But seniority is counted by the first appointment.

Mr. K. S. Joseph : After getting appointed for 3 or 4 months and after a break he does not get any seniority at all.

Mr. G. N. Tampi : He does.

President : Ultimately the seniority is reckoned.

Mr. K. S. Joseph : Such anomalies have come to my notice and I thought it my duty to bring it to the notice of the House. Finally, I would commend very earnestly to this House that we extend to the Intermediate Division also the principle that we have accepted for recruitment to the Lower Division.

Mr. G. Madhavan (*Karunagapally Kartikapally and Ambalapuzha* cum *Shertalai*) : Sir, in a discussion about the Public Service Commissioner's Report the first thing that we have to see is whether he has done his work properly. I join hands with my friend Mr. Shahul Hameed when he congratualates the Public Service Commissioner for the meritorious work he has done for the past four or five years. Sir, when we are discussing a question like this I know fully well that we are on a slippery ground. It was as a result of a long clamour from certain communities that certain methods were adopted for the proper representation of all communities in Public Service. After elaborate discussion certain rules were framed and those rules were followed. Whether those rules were adequate or not we have yet to see for some years more. From the review of appointments made up till now we are able to find that injustice in the matter of representation was remedied to a certain extent. But from the report we see that it was not fully remedied as could be seen from the table of appointments placed before the House.

LIBRARY ARCHIVES Kerala Legislative Assembly

[Mr. G. Madhavan]

As regards the question whether the Commissioner's post should be continued or not, I am fully of the opinion that until all the inequalities in the matter of representation in Public Service are remedied, the Commissioner's post cannot be abolished. He should continue. As regards the personnel an important question was raised on the floor of the House as to which community he should belong. Certainly that is an important question. So long as a European was in that place that question did not arise. It seems to me that since Mr. Ure is going to be retired that question arises. Some body from Travancore should be appointed. Certainly there is no native European in Travancore. My point is that some body who is experienced in that line, in whom the Dewan and His Highness the Maharaja has perfect confidence, may be appointed. It is in the matter of the personal capacity of the individual that every thing depends. What I suggest is that he should be a person who would not be biased by any interest. A person who has been tested and found fully qualified should be appointed. Whether it is a Christian, Nair or Ezhava is immaterial. It all depends upon the person concerned. That post has to be continued till full representation is given to all the communities.

As regards the question of 40 per cent reservation even in the Intermediate Division that has not yet remedied the inequality in the matter of representation of certain communities. The Public Service Commissioner has suggested in his report that that it was an unwanted thing or rather that it may be abolished. Of course, so long as he was conducting the examination, only four instances arose when the reservation question had to be resorted to. It may be due to the particular nature of the candidates at that time. (At this stage the President left the hall and Mr. M. Govindan, One of the Panel of Chairmen took the Chair) There might arise occasions when the reservation question may have to be resorted to, when it should be continued as a matter of contingency.

Another suggestion that I have to make is that a Committee may be appointed to review the work done by the Department till now and give any useful suggestions. With these words I resume my seat.

Mr. G. Revi Varma: Sir, the report has been placed before us and the President has invited our criticisms with regard to it. The first point that I wish to deal is with regard to the Higher Division of the Services. The present system of Recruiting Officers by the Travancore Civil Service Examination is not good. I am not in favour of raw young men being recruited by examination, *viva*

LIBRARY ARCHIVES Kerala Legislative Assembly

voce or otherwise and then being appointed in the Higher Division. Travancore is a small country and we have got only a very few appointments in the higher grade. These recruitmentsin the Higher Division will bring in a sort of discontent among the Officers who are already in the Department. In respect of that my suggestion is that there may be examination among those who are already in service not above the age of 35 years. The age limit may be fixed at 35 or 36 and those people who are already in the service must be recruited to the higher service. The present system brings in a lot of trouble. After training, these raw graduates howevers intelligent they may be, are appointed. There is still the defect that they are raw and inexperienced. It seems to me that it is the general intention of the Government to send all these T. C. S. Officers to the Land Revenue Department. At least we see such things done. For heavens sake, I pray, do not send them to the Revenue Department because there we have got so many Officers who are in the grade of Tahsildars much more experienced than the Officers who are newly recruited. These people with higher pay, come as a bar to the promotions of the Tahsildars in that Department. Moreover revenue experience is a matter which cannot be studied or acquired within one or two years of training. Therefore, do not send these T. C. S. officers as Tahsildars to the Revenue Department. They may be sent to other Departments.

Mr. Paul A. Thaliath: May I know which is the Department fit for them?

Mr. G. Revi Varma: I have told that I am against this sort of recruitment of the Civil Service. Whatever may be the reasons that obtain in British India, in regard to the recruitment of I. C. S. officers there is an ocean of difference between the conditions obtaining there and in Travancore just like the Vembanad lake and the Indian Ocean. In British india there are a good number of appointments that have to be filled by I. C. S. officers. But here we have got only a handful of such appointments and it is not proper that raw young graduates should be recruited to those higher posts.

Mr. K. A. Raman Pillai: May I know whether people in British India will become ripe as soon as they pass the I. C. S. Examination while people here will remain raw even when they pass the T. C. S. Examinations

Mr. G. Revi Varma: There are certain reasons which I do not want to say on the floor of the House with regard to the recruitment of I. C. S. officers in British India. It may be just to safeguard the Imperial interests that these people are recruited,

LIBRARY ARCHIVES Kerala Legislative Assembly

[Mr. G. Revi Varma]

there. Those people are given proper training. They have seen the world. They have crossed the channel and visited so many places outside India. That is a sort of education which our people do not get. There is another thing with regard to the Civil Service Recruitment. In many of the offices where these officers are appointed, I see there is very little co-operation of work between the officers and staff. In the Budget Session I sufficiently dealt with this matter. So I do not wish to say more about it now. I would content myself by saying that such sort of recruitment should not be made in our State. My suggestion is that the Higher Grades should be filled with men who are already in service On efficiency these people should be promoted to the Higher Division of service.

Sir, with regard to the Intermediate Division, I do not wish to say anything about the principle of communal rotation. But I heard from certain sections of the House that each department should be filled by appointments on the basis of the proportion of the strength of each community in the State. Whatever may be said on the principle of communal representation, I do not agree with this sort of representation. If this is to be carried on, in every office of the department, there would be then the suggestion that there should be communal representation. I would ask these persons who advocate communal representation, what number of appointments my community with the smallest population would get. What will be the position of my community which is only 3,000 strong if this sort of recruitment on a population basis is to be carried on? Out of the thirty thousand appointments in the State I think not even one person will get an appointment. Not that I am particular of getting jobs for my community but to apportion appointments on the basis of strength of each community in the population would not be just. This principle will be detrimental to the interests of the communities with the smallest population.

Then, with regard to the Lower Division, I think there could be some sort of weightage and also representation given to unrepresented communities. Within the last ten or thirteen yers, communities which were called 'backward' have advanced in literacy and in all other matters. Why should there be still this sort of recruitment on communal basis? But in the lower division, this principle may be accepted. I have no remarks to make with regard to that.

I too feel, as has been expressed by some of my honourable friends, that the office of the Public Service Commissioner is one set with difficulties. Certain sentiments were expressed by my honourable friend Mr. Madhavan that if at all the Public Service Com-

LIBRARY ARCHIVES Kerala Legislative Assembly

missioner's appointment was to be made hereafter, some very able and very honest officer should be selected. If Government appoint anybody else than an European, I think sufficient thought should be given on the point.

With regard to the appointment of a Staff Selection Board instead of an Advisory Committee, I am in agreement with it. A Selection Board should be constituted which should cover all the appointments in the State except high appointments. The Staff Selection Board should interview persons who are applicants. The Advisory Committee as it is now constituted as remarked by Mr. Shahul Hameed, simply watches and advises. The Staff Selection Board should be given more powers in the matter of selection of candidates. So long as this clamour for representation on communal basis continues, I think the Public Service Commissioner's appointment is necessary in the State. With these words, I resume my seat.

Mr. A. Gabriel Nadar (*Kalkulam and Vilavancode* cum *Neyyattinkara*) : Sir, reviewing the report submitted before us by the Public Service Commissioner, I have to tender a few remarks. The Public Service Commissioner was appointed to find a solution for pacifying the demands of the backward communities, especially unrepresented communities in the matter of representation in the Public Services. We have heard much that many communities are not sufficiently represented in the various departments of the Public Service. We have also heard that in the higher divisions, this communal representation is not at all cared. Therefore the consideration for the abolition or the discontinuance of the Public Service Commissioner at this stage when the very purpose of the institution of the Public Service Commissioner is not achieved, is out of place. Hence, I strongly am of the opinion that the office of Public Service Commissioner should continue.

Some sort of satisfaction has been given in the appointments in the lower division because in this division communal representation to a certain extent is maintained. In the Intermediate Division although the 40 per cent. reservation has been kept, communal representation is not maintained. Thus, the various communities are not at all represented in the Intermediate Division. I very strongly suggest that communal representation should on basis of population be extended to the Intermediate Division as well. This will during the course of time give communal representation in almost all departments and in all grades and divisions.

Now, I have to make a few remarks about the age bar fixed for appointments of licensed teachers. When teachers have obtained licenses before the age of 25 it amounts to age-bar exemption. But

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. Gabriel Nadar.]

when licensed teachers who have obtained licenses before the age of 25 and are duly employed in the grant-in-aid schools, apply for Government service if they do not get the appointments before 38, it is said that they are age-barred. This should be avoided. The fact that they have obtained licenses to teach before 25th year should be reckoned as sufficient ground for age-bar exemption. With these few words, I resume my seat.

President: Has the Public Service Commissioner anything to say with regard to the last observation of the member?

Mr. S. N. Ure: If he has obtained a license before he has attained 25, then he can apply till he is 35. Now, the age has been raised to 28.

Mr. A. Gabriel Nadar: A certain teacher has obtained licence before 25 and he applies for Government service at the age of 36. Is he entitled to apply?

Mr. S. N. Ure: No. As at present, he can apply until he is 35.

Mr. A. Gabriel Nadar: This ban, I request should be removed.

Mr. A. N. Sathyanesan: സർ, പബ്ലിക്കുസർവീസ്, രാഷ്ട്രീയ പ്രബുദ്ധതയുള്ള ജനതയുടെ ജീവൽപ്രശ്നമാകുന്നു എന്നുള്ളതു സർവവിദിതമായ ഒരു പരമാർത്ഥമാണു. തിരുവിതാംകൂർപോലെയുള്ള, പരിഷ്കൃതജനത അധിവസിക്കുന്ന ഒരു രാജ്യത്തു്, സമുദായതാൽപ്പര്യങ്ങളും ഇതര താല്പര്യങ്ങളും അഹമഹമികയാ മത്സരിക്കുന്ന രാജ്യത്തു്, ബഹുമുഖമായി പ്രാധാന്യമർഹിക്കുന്ന പബ്ലിക്കു് സർവീസിൽ മാത്സര്യം ഉണ്ടാകുന്നതിൽ തെല്ലും അതിശയിക്കാനില്ല. സാമ്പത്തികമായ വശം നോക്കിയാലും, അധികാരപരമായ നില പരിഗണിച്ചാലും, പബ്ലിക്കു് സർവീസ് രാഷ്ട്രീയപ്രബുദ്ധതയുള്ള ജനതയുടെ ആകർഷണീയമായിട്ടുള്ള ഒന്നാണെന്നു കാണാൻ കഴിയും. കഴിഞ്ഞ ഏതാനും സംവത്സരങ്ങൾ പിൻതിരിഞ്ഞു നോക്കുന്നപക്ഷം ഈ രാജ്യത്തു തൽസംബന്ധമായ വലിയ മത്സരങ്ങളും ആത്മപരിത്യാഗപരമായിട്ടുപോലും യത്നിക്കുന്നതിനുള്ള ശ്രമങ്ങളും നടന്നുവന്നതായി വീക്ഷിക്കാൻ കഴിയും. ഇന്നു ഭരണപുമതല വഹിക്കുന്ന മഹാരഥൻ തിരുവിതാംകൂറിന്റെ ഭരണഭാരം കൈയേറ്റതുമുതൽ ദീർഘകാലമായി വലിയ ശബ്ദം ഉൽപ്പാദിപ്പിച്ചുകൊണ്ടിരുന്ന ഈ വിഷമപ്രശ്നത്തിനു ഏതെങ്കിലും തരത്തിൽ ഒരു പരിഹാരം ഉണ്ടാക്കുവാൻ പ്രയത്നിച്ചിട്ടുള്ളതായി, ആത്മാർത്ഥമായി യത്നിച്ചിട്ടുള്ളതായി, ആർക്കും ബോദ്ധ്യമാണു്. പ്രസ്തുത

LIBRARY ARCHIVES Kerala Legislative Assembly

യത്നത്തിന്റെ ഒരു രൂപത്തിലുള്ള ഫലമാണ് പബ്ലിക്കുസർവീസു കമ്മീഷണരുടെ നിയമനവും തൽസംബന്ധമായ പ്രവർത്തനത്തിനുവേണ്ടി രൂപവൽക്കരിച്ചിട്ടുള്ള ചില നിബന്ധനകളും. ഈ വ്യവസ്ഥകളേയും സഹകാർയ്യതീരുമാനത്തേയും നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥന്മാര യഥോചിതം ചുമതല നിർവഹിക്കുന്നപക്ഷം ജനതയ്ക്ക് സാമാന്യരൂപത്തിലുള്ള സംതൃപ്തി സംജാതമാകുവാൻ എളുപ്പമുണ്ടെന്ന അനുഭവം വെളിപ്പെടുത്തുന്നുണ്ട്. എന്നാൽ രാഷ്ട്രീയസംഭവവികാസങ്ങളും മിന്നൽവേഗത്തിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഘട്ടത്തിൽ ചില നിബന്ധനകളും ഉണ്ടായിരിക്കുകയും അതിനെ പ്രയോഗിക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർ എത്രതന്നെ കാര്യക്ഷമതയുള്ളവര ആയിരിക്കുകയും ചെയ്തിരുന്നാലും, നിയമത്തിനു കാര്യക്ഷമത പരിരക്ഷിക്കുവാനുള്ള ശക്തി എത്രതന്നെ അതിൽ അന്തർലീനമായിരുന്നാലും, കാലവിളംബത്തിൽ ചില മാറങ്ങളും—കാലോചിതമായ ചില മാറങ്ങളും—ആവിർഭവിക്കാതെ തരമില്ല. കഴിഞ്ഞ കാലത്തു് ജനസാമാന്യത്തിന്റെയും ജനതയുടെ അഭിപ്രായത്തെ പ്രതിബിംബിക്കുന്ന പത്രങ്ങളുടേയും നിയമസമിതികളുടേയും അഭിപ്രായങ്ങളെ ശരിയായി ആദരിച്ചു് വീണ്ടും വ്യവസ്ഥകളിൽ മാറം വരുത്തുകയും വിവിധവിഭാഗത്തിൽപ്പെട്ട ജനങ്ങൾക്കു സംതൃപ്തി ജനിപ്പിക്കത്തക്ക മാറങ്ങളും പബ്ലിക്കുസർവീസിന്റെ കെട്ടുപാടുകളെ സംബന്ധിച്ചിടത്തോളം ഉൽപ്പാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കഴിഞ്ഞ നാല സംവത്സരമായി നിലവിലിരിക്കുന്ന വ്യവസ്ഥകളും അതിനെ ആസ്പദമാക്കിയിട്ടുള്ള പ്രവർത്തനങ്ങളും, ഈ കാലത്തു ജനങ്ങൾക്കു ഏറ്റവും പറ്റിയ രൂപത്തിൽ ഇരിക്കുന്നുവോ എന്ന ഗാഢമായി പരിചിന്തിക്കേണ്ട ചുമതല നമ്മുടേതാണ്. യഥാർത്ഥം ചിന്തിച്ചാൽ ഇപ്പോൾ സമൂലമായ പരിവർത്തനം ഏതൽ സംബന്ധമായി വരുത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്ന എന്ന സ്ഥിതിഗതികൾ സംവീക്ഷണംചെയ്തുകൊണ്ടു് അഭിപ്രായപ്പെടുവാൻ ഞാൻ ആഗ്രഹിക്കുന്നു. റിപ്പോർട്ടും അതിലടങ്ങിയ ശുപാർശകളും എത്ര തന്നെ ആയിരുന്നാലും ഇന്ന് പൊതുവേ ജനസാമാന്യത്തിനു കൂടുതൽ സംതൃപ്തജനകമായും, പുരോഗമനപരമായും ഒരു ഭേദഗതി രൂപവൽകരിക്കുന്നതിനുവേണ്ടി പബ്ലിക്കുസർവീസ് നിബന്ധനകളെപ്പറ്റി പര്യാലോചന നടത്തേണ്ടതാണ്. സർ, ഇന്നത്തെ രൂപത്തിൽ ഇതു തുടരുന്നതുകൊണ്ടു ഏതെങ്കിലും പ്രത്യേകസമുദായത്തിനു ദോഷമുണ്ടോ എന്നും ഏതെങ്കിലും പ്രത്യേക സമുദായത്തിനു അനുകൂല്യം ലഭിക്കുന്നോ എന്നും

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. N. Sathyanesan]

വ്യത്യസ്തരൂപത്തിൽ അഭിപ്രായപ്പെടുവാൻ ഞാൻ തയ്യാറില്ല. എന്നാൽ നിയമസഭാമണ്ഡലത്തിനകത്തും പുറമേയും കേൾക്കാറുള്ള ചില പ്രതിധ്വനികൾ എന്നെ വളരെ വേദനപ്പെടുത്തുന്നു. അടുത്തകാലത്തു ഗവ മ്മെൻറു പബ്ലിക്കുസർവീസ് നിയമനങ്ങൾ സംബന്ധിച്ചു് വയസ്സു് ക്രിപ്പപ്പെടുത്തി നിയമമാറ്റമുണ്ടാക്കിയതു് ഏതോ ഒരു പ്രത്യേക സമുദായത്തിനു ദോഷകരമായ വിധത്തിൽ ആയിരുന്നു എന്നും മറ്റുമുള്ള ഒരു പ്രതിധ്വനി മുഴങ്ങുന്നതായി എന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടു്.

Mr. Paul A. Thaliath : ഏതു സമുദായത്തിനാണു് അതു കൊണ്ടു ദോഷമുണ്ടായതെന്നു പറയാമോ?

Mr. A. N. Sathyanesan : എല്ലാ സമുദായങ്ങൾക്കും കുറ തൽ ഗുണവും അല്പാല്പം ദോഷവും ഉണ്ടായെന്നു മാത്രമെ തൽസംബന്ധമായി എനിക്കു പറയുവാനുള്ളൂ. ഒരു സമുദായത്തെ പ്രത്യേകം കരുതിക്കൂട്ടി ദോഷപ്പെടുത്താൻ ഈ നിയമം ഉണ്ടാക്കപ്പെട്ടതായി ഉദ്ദേശിച്ചിട്ടില്ലെന്നു വ്യാഖ്യാനം ചെയ്യുള്ള ഒരു പ്രതിധ്വനി കേട്ടതുകൊണ്ടാണു് ഞാൻ ഇതു പ്രസ്താവിച്ചതു്.

Mr. Paul A. Thaliath : ഏതു സമുദായത്തിനാണു് സങ്കടമുള്ളതെന്നു പറയാമോ?

Mr. A. N. Sathyanesan : അതു ക്രൈസ്തവസമുദായത്തിനാണെന്നു മെമ്പറെപ്പോലുള്ള ചില ആളുകൾ അവരുടെ അഭിപ്രായഗതി പ്രതിധ്വനിപ്പിക്കുകയുണ്ടായി. അതു യഥാർത്ഥമായ വസ്തുതകളെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ആരോപണമല്ലെന്നാണു് എന്റെ അഭിപ്രായം. അതിനെ കുറെക്കൂടി വ്യക്തമാക്കുന്നതിനു ക്രൈസ്തവസമുദായത്തിനു തന്നെ അതുകൊണ്ടു ഗുണം ലഭിച്ചിട്ടുള്ള അനേകം ഉദാഹരണങ്ങൾ ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കാം ഇന്നു പേഷ്കാരായിരിക്കുന്ന കത്തോലിക്കസമുദായാംഗമായ മി. റവി. ചാണ്ടി, സീനിയർ ഡിസ്ട്രിക്റ്റു് രജിസ്ട്രാരായിരിക്കുന്ന മി. എ. കെ. ജോർജ്ജ്, ഹൈക്കോടതി ജഡ്ജിമാരായിരിക്കുന്ന മെസ്സേഴ്സ കെ. സി എബ്രഹാം, സത്യനേശൻ. ഡിസ്ട്രിക്ട് ജഡ്ജിമാരായിരിക്കുന്ന മെസ്സേഴ്സ് മാമൻതരകൻ, ചെറിയാൻ, മുനിസിഫായിരിക്കുന്ന മി. എം. ജി. ജോൺ, പ്രൊഫസർ മി. ഇ. റവി. തോമസ, ട്രെയിനിംഗ് കോളേജു് പ്രിൻസിപ്പാൽ ഡാക്ടർ ജീവനായകം, ഡിവിഷനൽ ഇൻസ്പെക്ടറുമാരായ മിസ്സ് മറിയം ജാർജ്ജ്, മിസ്സസ് അന്നാ ചാണ്ടി, ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരായ മെസ്സേഴ്സ് സി. തോമസ്, ഫെൻ, സർജൻ ജനറൽ ഡാക്ടർ എസ. ജോൺ, സർജനായിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഡാക്ടർ മിസസ് സായർ, ഡിപ്യൂട്ടി സർജന്മാരായ ഡാക്ടർ ഇട്ടൂപ്പൻ, ഡാക്ടർ സി. കെ ജോജ്ജ്, ഡാക്ടർ അലക്സാണ്ടർ, ഡാക്ടർ സി. ജെ. കുര്യൻ തുടങ്ങി പ്രധാനപ്പെട്ട ക്രിസ്ത്യൻ ഉദ്യോഗസ്ഥന്മാർ സർക്കാർ സർവീസിൽനിന്ന് പെട്ടെന്ന് വിട്ടുപിരിയാതെ സേവനമനുഷ്ഠിക്കുവാൻ സകല സൗകര്യങ്ങളും അതുമൂലം ലഭിക്കുന്നുണ്ട്.

Mr. Paul A. Thaliath : ഈ വയസ്സു ക്ലിപ്തപ്പെടുത്തിയതു കൊണ്ടു ഗുണം ലഭിക്കുന്ന മറ്റു സമുദായങ്ങളുടെ ലിസ്റ്റ് ബഹുമാനപ്പെട്ട മെമ്പറുടെ കയ്യിലുണ്ടോ?

Mr. A. N. Sathyanesan : മറ്റു സമുദായങ്ങളെപ്പറ്റി ഇതു പോലെ പരാതിയുള്ളതായി കേൾക്കാത്തതുകൊണ്ടാണ് ആ വക ലിസ്റ്റ് ശേഖരിക്കുവാൻ ഞാൻ സന്നദ്ധനാകാത്തത്. ഞാൻ ഇതുയും സൂചിപ്പിച്ചതു ഒരു സമുദായത്തോടു പ്രത്യേകം നീതിവിരോധമായി പെരുമാറുന്നു എന്ന അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ചുമത്തി ഈ ധർമ്മരാജ്യത്തു അസമാധാനം സൃഷ്ടിക്കുന്നതു് ഉചിതമല്ലെന്നു വ്യക്തമാക്കാൻ വേണ്ടിമാത്രമാണ്.

വേറൊരു അപശബ്ദം മുഴങ്ങിയതായി എന്റെ ശ്രദ്ധയിൽ പെട്ടതു്, രാഷ്ട്രീയകാരണങ്ങളാൽ ചില പ്രത്യേക സമുദായത്തിലെ വ്യക്തികൾക്കു ഉയർന്ന ഉദ്യോഗങ്ങളിൽ പ്രവേശിക്കുവാൻസൗകര്യങ്ങൾ നൽകുന്നുഎന്ന പ്രസ്താവന സംബന്ധിച്ചാണു. യഥാർത്ഥത്തിൽ ധർമ്മബോധമുള്ള ഏതു ഗവണ്മെൻറും, വിഷമഘട്ടമുണ്ടാക്കുമ്പോൾ ആത്മാർത്ഥതയോടെ ഗവണ്മെൻറിനോടു സഹകരിച്ചു സേവനമനുഷ്ഠിക്കുന്ന വ്യക്തികൾക്കു, അവർ ഏതു സമുദായത്തിൽപെട്ടവരായിരുന്നാലും പ്രോത്സാഹനമാർഗ്ഗങ്ങൾ നൽകുക എന്നുള്ളതു് മനുഷ്യസഹജമായിട്ടുള്ള ഒരു ധർമ്മമാണ്. ഗവണ്മെൻറുകളെ സംബന്ധിച്ചിടത്തോളവും ഈ ധർമ്മം നിലനിറുത്തിയില്ലെങ്കിൽ അതു ഒരു ധർമ്മഭ്രംശമായി മാത്രമെ പരിഗണിക്കുവാൻ ഇടയുള്ളൂ ഈ രാജ്യത്തെപ്പറ്റിയാണെങ്കിൽ ഒരു വഷമഘട്ടം ആവിർഭവിക്കുകയും ചില പ്രബല സമുദായങ്ങളിലെ അംഗങ്ങൾ ഗവണ്മെൻറിനെ തകിടം മറിക്കുന്നതിനുള്ള വിധ്വംസകപ്രവർത്തനങ്ങൾ ചെയ്യുകയും ആ സമുദായങ്ങളിലെ മറ്റു പല വ്യക്തികൾ അതിനെ തടയുന്നതിനു ബദ്ധശ്രദ്ധരായിത്തീരുകയും ചെയ്തു. അതേസമയത്തു് പ്രാബല്യമുള്ള ചില ക്രൈസ്തവസമുദായങ്ങളിലെ ചില അംഗങ്ങൾ ഗവണ്മെൻറിന്റെ രാജ്യക്ഷേമകരമായ യത്നങ്ങളെ നിഷ്ഫലമാക്കുന്നതിനു തീവ്രയത്നം ചെയ്യുമ്പോൾ ആ സമുദായത്തിലെ മറ്റുള്ളവർ മൗനം ദീക്ഷിക്കുകയാണുണ്ടായതു്. ഞാൻ ഉൾപ്പെടുന്ന ക്രൈസ്തവസമുദായം പൊതുവേ അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. N. Sathyanesan]

യുള്ള നില അവലംബിച്ചു എന്നു എനിക്കു ബോദ്ധ്യമുണ്ടെങ്കിൽ അവർക്കു ആ രൂപത്തിലുള്ള ആനുകൂല്യം ലഭിക്കാത്തതിൽ ഞാൻതെല്ലുംഅത്ഭുതപ്പെടുകയില്ല. എന്നാൽ ആ രൂപത്തിൽ മറ്റു ചില സമുദായാംഗങ്ങൾ അവിഷമഘട്ടം തരണം ചെയ്യുന്ന കാര്യത്തിൽ ഗവർമ്മെൻറിനെ ആത്മാർപ്പണം ചെയ്തു സഹായിച്ചിട്ടുള്ള സ്ഥിതിക്കു അവരിൽ യോഗ്യതയുള്ള ആളുകളുടെ സേവനം ഗവർമ്മെൻറു അംഗീകരിച്ചിട്ടുണ്ടെങ്കിൽ അതിലും അതിശയിക്കാനെന്തുള്ളു. ക്രൈസ്തവസമുദായത്തെ സംബന്ധിച്ചും അപ്രകാരം ചുരുക്കം ചില വ്യക്തികൾ മാത്രം പ്രയത്നിച്ചിട്ടുള്ള വസ്തുത വിസ്മരിക്കാവുന്നതല്ല. അവരുടെ സേവനങ്ങളേയും ഗവർമ്മെൻറു സന്ദർഭമുണ്ടായപ്പോൾ പരമാവധി പരിഗണിച്ചിട്ടുണ്ടെന്നുള്ളതു് സുവിദിതമായ ഒരു പരമാർത്ഥമാണു്. ഇന്നു് ഹൈക്കോടതി ജഡ്ജിയായിരിക്കുന്ന മി. കെ. സി. ഏബ്രഹാമിനെ ഡിസ്ട്രിക്ട് ജഡ്ജിയായി നിയമിച്ചപ്പോൾ അദ്ദേഹത്തിന്റെ രാഷ്ട്രീയ സേവനത്തെപ്പറ്റിയും ചിന്തിച്ചിട്ടുണ്ടാവണം. അതു പോലെതന്നെ മി. പി. ഐ. സൈമനെ ഗവർമ്മെൻറു പ്ലീഡറായി നിയമിച്ചതിലും ഒരു കത്തോലിക്കനായ മി. ജോസഫ് വിതയത്തിലിനെ നിയമിച്ചതിലും രാഷ്ട്രീയകാരണങ്ങളും അന്തർഭവിച്ചിട്ടുണ്ടെന്നാണു് എന്റെ രാഷ്ട്രീയാനുഭാവംമൂലം എനിക്കു മനസ്സിലാക്കുവാൻ കഴിയുന്നതു്. മാത്രമല്ല, ൪൫ വയസ്സു് കഴിഞ്ഞിട്ടും മി. ഇ. ജെ. പീലിപ്പോസിനെ ഗവണ്മെൻറു സർവീസിൽ നിയമിച്ചപ്പോഴും രാഷ്ട്രീയസേവനപരമായ പരിഗണനയും ഗവർമ്മെൻറിന്റെ ചിന്തയിൽ പെട്ടിരിക്കും. ഗവണ്മെൻറുമായി സഹകരിച്ചു രാജ്യക്ഷേമാർത്ഥം പ്രവർത്തിക്കുന്നതായാൽ ഏതു സമുദായത്തിൽ ഉൾപ്പെട്ടിരുന്നാലും അവരെ യഥാർഹം പ്രോൽസാഹിപ്പിക്കുന്നതിനു ഗവണ്മെൻറിനു ധർമ്മബുദ്ധിയുണ്ടെന്നുള്ള സംഗതി വ്യക്തമാണു്. ഡാക്ടർ സി. സി. ജാണിനെ ഇവിടെ എടുത്തതു് നിവർത്തനകാലത്തു മി. അടുക്കള ഏബ്രഹാംചെയ്തസേവനങ്ങളെയും അനുസ്മരിച്ചായിരുന്നില്ലേ? ഇങ്ങനെ സൂക്ഷ്മമായി ആലോചിക്കുന്ന പക്ഷം ഒരു സമുദായത്തോടു പ്രത്യേക രൂപത്തിൽ ഗവണ്മെൻറു പ്രതിപത്തി കാണിക്കുകയോ മറെറാരു സമുദായത്തോടു വിപ്രതിപത്തി കാണിക്കുകയോ ചെയ്തിട്ടില്ലെന്നു ശരിയായി മനസ്സിലാക്കുവാൻ കഴിയുന്നതാണു്. ഇതെല്ലാം പ്രസ്താവിച്ചതുകൊണ്ടു് പബ്ലിക്കുസർവീസിൽ ഇന്നു എല്ലാസമുദായങ്ങളുടേയും അവകാശത്തെ പരിപൂർണ്ണമായ തോതിൽ പരിരക്ഷിച്ചു മുമ്പോട്ടുപോകുന്നുവെന്നും ആക്ഷേപം തൽസംബന്ധമായി ഒരു വിധത്തിലും അനുപപ്തിക്കു കാരണമില്ലെന്നും ഞാൻ പറയുന്നതായി തെറ്റിദ്ധരിക്കരുതു്. ദീർഘകാലമായി വിവിധ സംഘപരമ്പരകളാൽ ആവിരഭവിച്ചിട്ടുള്ള അസമത്വ

LIBRARY ARCHIVES Kerala Legislative Assembly

ഒരു ദിവസംകൊണ്ടോ ഏതാനും കാലാകൊണ്ടോ പരിഹരിക്കത്തക്കതല്ല. കാലാകാലങ്ങളിൽ ആവിരളവിച്ചിട്ടുള്ള വിഷമങ്ങളെയഥോചിതം കണ്ടുപിടിച്ചു അപ്പോഴപ്പോൾ പരിഹാരമുണ്ടാക്കി അസമത്വം പരിഹരിക്കയെല്ലാതെ ദീർഘകാലമായി പൊന്തിവന്നിരിക്കുന്ന അസമത്വം ഒന്നിച്ചു നീക്കാൻ സാദ്ധ്യമല്ല. ഈ വിഷമപ്രശ്നത്തെ യഥോചിതം അഭിമുഖീകരിക്കുന്നതിനു ഇവിടെ ഒരു സമൂലപരിവർത്തനം അത്യാവശ്യമാണെന്ന് ഞാൻ വിചാരിക്കുന്നു. പബ്ലിക്കുസർവീസ് കമ്മീഷണരുടെ റിപ്പോർട്ടിനെ ആസ്പദമാക്കി ഇന്നത്തെ നില ചിന്തിക്കുമ്പോൾ ന്യൂനപക്ഷസമുദായങ്ങൾക്കു ഇതിൽ വേണ്ടുവോളം പ്രാതിനിധ്യം ലഭിക്കുവാൻ സാദ്ധ്യതയുണ്ടോ എന്നുഞാൻ പറ്റുവോലോചിക്കാതെ ഇരിക്കുന്നില്ല.

സർ, ഞാൻ എസ്. ഐ. യു. സി. എന്ന ന്യൂനപക്ഷസമുദായത്തിലെ ഒരംഗമാണ്. ഞാൻ ഉൾപ്പെട്ട സമുദായം ഒരു ന്യൂനപക്ഷമാണെങ്കിലും ഉദ്യോഗസമ്പാദനവിഷയത്തിൽ മറേറതു സമുദായത്തോടും കായ്ക്ഷമതയ്ക്കു വേണ്ടിയുള്ള പരീക്ഷയിൽ മത്സരിക്കാൻ ത്രാണിയുണ്ടെന്നുള്ള സംഗതി ഇവിടെ തുറന്നു പ്രസ്താവിച്ചുകൊള്ളുന്നു. ആ ധൈര്യം ഞങ്ങൾക്കിപ്പോൾ ഉണ്ടായിട്ടുണ്ട്. കായ്ക്ഷമതയും സമുദായപ്രാതിനിദ്ധ്യവും ഒരുപോലെ പബ്ലിക്കു സർവീസിലെ തിരഞ്ഞെടുപ്പിൽ അനുബന്ധിച്ചിരിക്കേണ്ടതു് ആവശ്യമാകയാൽ, കായ്ക്ഷമതയെ കൈവെടിഞ്ഞു് വർഗ്ഗീയപ്രാതിനിദ്ധ്യം മാത്രംനോക്കിയാൽ മതിയെന്നു വാദിക്കാൻ വ്യക്തിപരമായ എന്റെ ചിന്താഗതിയും അനുഭവങ്ങളും എന്നെ അനുവദിക്കുന്നില്ല. വേണ്ടപോലെ യോഗ്യതയാർജ്ജിച്ചാൽ ന്യൂനപക്ഷക്കാരും മത്സരത്തിൽ വിജയികളാകാൻ സാദ്ധ്യമാണ്. ഒരുലക്ഷത്തിൽ ചില്വാനമുള്ള എസ. ഐ. യു. സി. എന്ന ന്യൂനപക്ഷസമുദായത്തിനു ഫ ഫ ഉദ്യോഗങ്ങൾ കിട്ടിയപ്പോൾ, ഏകദേശം ഫ ഠ ലക്ഷത്തോളമുള്ള ഈഴവസമുദായത്തിനു നൂ സ്ഥാനങ്ങളാണ് ഇൻറർമീഡിയറു ഡിവിഷനിൽ ലഭിച്ചതു്. എന്തുകൊണ്ടു ഇങ്ങനെ സംഭവിച്ചു? ഇൻറർമീഡിയറു ഡിവിഷനിലുള്ള ഉദ്യോഗങ്ങൾ ബ്രാഹ്മണസമുദായത്തെ ഒഴിച്ചാൽ താരതമ്യേന ഞാൻ ഉൾപ്പെട്ട സമുദായമാണ് കൂടുതൽ സമ്പാദിച്ചതു്. സമുദായത്തിന്റെ പേരിൽ നാം അവകാശവാദം പൊന്തിക്കുന്നതോടുകൂടി ഉദ്യോഗം വഹിക്കുന്നതിനു തക്ക യോഗ്യതയുള്ള വ്യക്തികളേയും കൂടി സജ്ജീകരിക്കുന്നതിനു പ്രചരണവേല ചെയ്യേണ്ടതു് അത്യന്താപേക്ഷിതമാണ്. എസ്. ഐ. യു. സിക്കു് ഫ ഫ സ്ഥാനങ്ങൾ ഇൻറർ

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. N. Sathyanesan.]

മീഡിയറർ ഡിവിഷനിൽ കിട്ടിയിട്ടുള്ളതുകൊണ്ടു ഇതരന്യൂനപക്ഷ സമുദായങ്ങളെയും പൂർണ്ണമായ മത്സരത്തിനു വിടണമെന്നു ഞാൻ വാദിച്ചാൽ അതു തികച്ചും അധർമ്മമായിരിക്കും. പൊതുവെ പറയുന്നപക്ഷം അസമത്വസമുദായങ്ങളുടെ അവശതകൾ പരിഹരിക്കുന്നതിനു വേണ്ട രക്ഷാവ്യവസ്ഥകൾ ചെയ്യേണ്ടതാണു്. ഈ അവശത ഒരു വിഷമ പ്രശ്നമാണു്. അതിനെ ത്രാണിയോടുകൂടി ശക്തിയുക്തം പരിഹരിക്കേണ്ടിയിരിക്കുന്നു. ഒന്നാമതു് പിന്നോക്കസമുദായത്തിൽ ഉൾപ്പെട്ടവർ സാങ്കേതിക പരീക്ഷാ യോഗ്യതയും സമ്പാദിക്കണം. അതുണ്ടെങ്കിൽ മാത്രമേ മറ്റേതെല്ലാം രക്ഷാവ്യവസ്ഥകൾ ചെയ്താലും ഇൻറർ മീഡിയറു വകുപ്പിൽ പ്രവേശിക്കാൻ സാധിക്കയുള്ളൂ. സാങ്കേതിക വിദ്യാഭ്യാസയോഗ്യത ആർജിക്കാൻ ഗവൺമെൻറും സഹായിക്കേണ്ടതുണ്ടു്. പിന്നോക്കസമുദായക്കാർ പരീക്ഷയിൽ ഒന്നാമതായി പാസ്സായി എന്നു വരുന്നതല്ല. എങ്കിലും അവരും വളർന്നുവരണമെന്നുള്ള ധർമ്മബുദ്ധി മറ്റെല്ലാവരിലും ഉണ്ടായിരിക്കേണ്ടതാണു്.

അടുത്തതായി എനിക്കു പ്രസ്താവിക്കുവാനുള്ളതു്, പബ്ലിക്ക് സർവീസ്സ് അഡ്വൈസറിബോർഡ് ഇന്നത്തെനിലയിൽ തുടർന്നുകൊണ്ടുപോകണോ, എന്നുള്ള പ്രശ്നത്തെപ്പറ്റിയാണു്. ഈ ബോർഡിൻെറ പ്രധാന ആവശ്യം, പ്രാതിനിദ്ധ്യം കുറഞ്ഞ സമുദായങ്ങൾക്കു് ഉദ്യോഗവിതരണത്തിൽ വേണ്ടപോലെ രക്ഷാവ്യവസ്ഥ ഉണ്ടാക്കുന്നതിലേക്കു് ആവശ്യമുള്ള ഉപദേശങ്ങൾ നൽകുന്നതിനുവേണ്ടിയാണു്. എന്നാൽ, ഇന്നു നിലവിലിരിക്കുന്ന ഉപദേശസമിതിയുടെ പ്രാതിനിധ്യസ്വഭാവം പരിശോധിച്ചാൽ അതിനുള്ള കഴിവും പരിതസ്ഥിതിയും അനുകൂലമാണെന്നു് എനിക്കു വിശ്വസിക്കാൻ കഴിയുന്നതല്ല. സാമുദായിക മനസ്ഥിതിയും, വർഗ്ഗീയ മൽസരവും തിരുവിതാംകൂറിൽ നിലനിൽക്കുന്നിടത്തോളംകാലം പബ്ലിക്ക് സർവീസ്സ് അഡ്വൈസറിബോർഡ് ന്യൂനപക്ഷങ്ങളുടെ ശരിയായ പ്രാതിനിദ്ധ്യസ്വഭാവമുള്ളതല്ലെങ്കിൽ അവക്കു ഗുണമുണ്ടാകുമെന്നു തോന്നുന്നില്ല. ക്രസ്ത്യൻ സമുദായംസംബന്ധിച്ചു് ഫർഫ-ലെ സെൻസസ് അനുസരിച്ചുള്ള വിജ്ഞാനത്തിൽ നാടാർകത്തോലിക്കു് റോമൻകത്തോലിക്കു് സിറിയൻകത്തോലിക്കു് എന്നു മൂന്നു ഭാഗമായിട്ടു തിരിച്ചിരിക്കുന്നു റോമൻകത്തോലിക്കു് എന്നു പറയുന്നതു കത്തോലിക്കരെ പൊതുവേയുള്ള ഒരു പേരെന്നല്ലാതെ മതപരമായ ഒരു വിഭാഗമേയല്ല. അതുപോലെ കത്തോലിക്കരല്ലാത്ത എല്ലാക്രൈസ്തവവിഭാഗക്കാർക്കും പൊതുവേ പ്രോട്ടസ്റ്റൻറു് എന്നു വിളിച്ചുവരുന്നുവെന്നല്ലാതെ അതും ഒരു പ്രത്യേകവിഭാ

LIBRARY ARCHIVES Kerala Legislative Assembly

ഗമല്ല. ഇന്നത്തെ വിഭജനത്തിൽ നിർഭാഗ്യകരമായ ഒരു അവസ്ഥക ണ്ടതു ഫ ൈനു ൦ ൦ ൦ ജനങ്ങളെ സംബന്ധിച്ചുള്ള അതർ ക്ലാസ്സ് ൃൻസ് എന്നു പറയുന്ന വിഭജനമാണ്. ക്രൈസ്തവ സമുദായത്തെപ്പറ്റി പരിജ്ഞാനമില്ലാതെ നടത്തിയ വിഭജനമാണതെന്ന് പറയേണ്ടിയിരി ക്കുന്നു. ഇങ്ങനെയുള്ള വിഭജനം നിമിത്തം സാക്ഷാൽ അവശത അനു ഭവിക്കുന്ന ക്രിസ്ത്യാനികളുടെ അവകാശം മൂഷണം ചെയ്യുന്നതിനു സന്ദർഭമുണ്ടാകുന്നു. അവശസമുദായങ്ങളുടെ കൂട്ടത്തിൽ ഒരുകൂട്ടം സിറി യൻക്രിസ്ത്യാനികളെയും ഉൾപ്പെടുത്തിയിരിക്കുന്നു. മതപരമായ അടി സ്ഥാനം സംബന്ധിച്ചുള്ള വിഭജനമേ അല്ല അതു്. ഇങ്ങനെ നോക്കുന്ന പക്ഷം അസമത്വം അനുഭവിക്കുന്ന പിന്നോക്ക ക്രിസ്ത്യാനികൾക്ക് പ്രാതിനിദ്ധ്യം കിട്ടുന്നതിന് വലിയ പ്രയാസമാണെന്നു മാത്രമല്ല, അവ രുടെ അവകാശം മുഴുവൻ ഗ്രസിക്കുന്ന പരിതസ്ഥിതിയും സൃഷ്ടിക്കുന്നു. നാലുവർഷക്കാലമായിട്ട് നിലവിലിരിക്കുന്ന വ്യവസ്ഥകളിൽ മാറ്റമുണ്ടാ ക്കാതെ ഉദ്യോഗത്തിനുവേണ്ടി മുറവിളികൂട്ടിയിട്ട് ഫലമില്ല. നിലവിലി രിക്കുന്ന രീതിക്കു സമൂലമായ പരിവർത്തനം ഉണ്ടാകാതെ ഈ വിഷമപ്ര ശ്നത്തെ അഭിമുഖീകരിക്കാൻ മറ്റൊരു മാർഗ്ഗവും ഞാൻ കാണുന്നില്ല. സർ എനിക്കു പ്രസ്താവിക്കാനുള്ള മറ്റൊരുകാര്യം, ഫ ഫ ൨-ൽ ശുപവൽ ക്കരിച്ച വ്യവസ്ഥയനുസരിച്ച് ആകെയുള്ള ൪൪ സ്ഥാനങ്ങളിൽ ഹിന്ദു ക്കൾക്കു നൂറ്റം ക്രിസ്ത്യാനികൾക്കു ൨൦-ം എന്ന നിലയിൽ വീതി ച്ചു. എന്നാൽ ഫ ഫന്ന-ൽ ആകെയുള്ളതു് ൪൫ ആയി കുറച്ച് വിഭ ജനം നടത്തിയപ്പോൾ ഹിന്ദുക്കൾക്കു മുമ്പുണ്ടായിരുന്ന നൂറ്റ സ്ഥാനങ്ങ ളും ക്രിസ്ത്യാനികൾക്കുള്ള ൨൦ സ്ഥാനങ്ങളിൽനിന്നു ഫന്ന ആയി കുറ ച്ചും വീതിക്കയാണുണ്ടായതു്. യഥാർത്ഥത്തിൽ ഈ കുറവുമൂലം ദോഷം നേരിട്ടതു ആക്കാണെന്നു ദയാപൂർവ്വം സൂചിപ്പിക്കേണ്ടതാണ്. അതു ഏറ്റവും പ്രാബല്യം കുറഞ്ഞ ക്രിസ്ത്യൻ വിഭാഗത്തിനാണ്. അതായതു അവശ ക്രിസ്ത്യാനികൾ ഉൾപ്പെടുന്ന അതർ ക്രിസ്ത്യൻസ് എസ്. ഐ. യു. സി മുതലായ വകുപ്പുകൾ ആണ്. അതു അപരിഹാര്യമായ നഷ്ടമാണ് ഉണ്ടാക്കിയിട്ടുള്ളതു് തന്നിമിത്തം നിലവിലിരിക്കുന്ന പബ്ലിക്ക് സർവ്വീസ് ചട്ടങ്ങളേയും മറ്റും ക്ലേശകരമായി പരിശോധിച്ചു ഒരു പരിഹാരമുണ്ടാ ക്കേണ്ടിയിരിക്കുന്നു. അവശസമുദായങ്ങളുടെ രക്ഷയ്ക്കുവേണ്ടി ഇപ്പോൾ നിലവിലിരിക്കുന്ന വ്യവസ്ഥകളിൽ ആവശ്യമുള്ള മാറ്റം വരുത്തി കൂടു തൽ അധികാരവും പ്രാതിനിദ്ധ്യസ്വഭാവമുള്ള ഒരു സ്റ്റാഫ് സെലക്ഷൻ ബോർഡ് ഉണ്ടാക്കണമെന്നും ഇന്നു് അവശതയനുഭവിക്കുന്ന ക്രിസ്ത്യൻ

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. N. Sathyanesan,]

വിഭാഗങ്ങൾക്കും അതെപ്പോലെതന്നെ ന്യൂനപക്ഷങ്ങൾക്കും സങ്കടപരിഹാരമുണ്ടാകത്തക്കവിധത്തിൽ ഒരു പഞ്ചവത്സരപദ്ധതിയോ ഒരു ദശവത്സരപദ്ധതിയോ ഏർപ്പെടുത്തി പബ്ലിക്ക് സർവീസ് വകുപ്പിൽ വേണ്ടമാറ്റം വരുത്തുകയും ചെയ്യണമെന്നാണ് എന്റെ വിനീതമായ അഭിപ്രായം.

President: The debate on the subject will now close. We have to proceed to the election.

Mr. N. Narayana Kurup : Has the whole debate on the subject been closed?

President : Yes.

Mr. N. Narayana Kurup : The time allotted is till 5'o clock. It was not announced that we should conclude before that time. If we had known that earlier we could have made short speeches and concluded.

Mr. K. G. Narayana Panicker. It was not announced

President : I thought it was a private arrangement that the discussion would be for two hours.

Mr. N. Narayana Kurup : But it was not announced.

President : If you are very particular, you may speak.

Mr. N. Narayana Kurup : സർ, തിരുവിതാംകൂറിൽ വർദ്ധിയ പ്രാതിനിധ്യമനുസരിച്ചു, ചില സമുദായത്തിൽപ്പെട്ട ആളുകൾക്ക് സർക്കാർ ഉദ്യോഗങ്ങൾ കിട്ടുന്നതു് വളരെ കുറവാണെന്നു്, ഇവിടെ ചില ബഹുമാനപ്പെട്ട മെംബറന്മാർ പ്രസ്താവിക്കയുണ്ടായി. വർദ്ധിയവാദം ദൈനംദിനം വളർന്നു വരുന്ന നിലയ്ക്കു് ഈ സമുദായ പ്രാതിനിധ്യവഴക്കു് അവസാനിക്കുന്നകാര്യം അസാദ്ധ്യമാണു്. സമുദായങ്ങളുടെ അവാന്തരവിഭാഗവഴക്കു കുറയ്ക്കണമെന്നും വർദ്ധിയാനുപാതവാദം കുറയ്ക്കണമെന്നും, ഉദ്ദേശിച്ചു ഗവണ്മെന്റു ഈ രാജ്യത്തെ ജനങ്ങളെ, ഹിന്ദു, ക്രസ്ത്യാൻ, മുസ്ലീം എന്ന മൂന്നു പ്രധാന വിഭാഗങ്ങളായി തിരിച്ചു് ഉദ്യോഗനിയമനങ്ങൾ നടത്തുന്നതാണെന്നും ഓരോ സമുദായത്തിനും പൊതുവേ കിട്ടേണ്ട വീതം കിട്ടിയിട്ടുണ്ടോ എന്നും മാത്രമേ ഗണിക്കയുള്ളുവെന്നും മുൻപൊരിക്കൽ വിശദീകരിക്കയുണ്ടായി. അതിനുശേഷവും ഇന്നത്തെ മാതിരി, ഒരു സമുദായത്തിലെ ഓരോ വിഭാഗത്തിനും വീതം കുറഞ്ഞുപോയെന്നു പറഞ്ഞു് വാദിക്കുന്നതു സാധൂകരിക്കത്തക്കതല്ല.

എന്നാൽ അവശത അനുഭവിക്കുന്ന അവശസമുദായക്കാരെ സംബന്ധിച്ചു് ഉദ്യോഗനിയമനക്കാര്യങ്ങളിൽ ഒരു പഞ്ചവത്സരപദ്ധതിയോ,

LIBRARY ARCHIVES Kerala Legislative Assembly

ദശവത്സര പദ്ധതിയോ കൊണ്ട്, അവരുടെ സങ്കടങ്ങൾ ഏറെക്കുറെ പരിഹരിക്കാവുന്നതും അങ്ങിനെ അവരുടെ മുറവിളി ശമിപ്പിക്കാവുന്നതും, ശമിപ്പിക്കേണ്ടതുമാണ്.

ഓരോ സമുദായത്തിനും, അവയിലുള്ള എല്ലാ അവാന്തരവിഭാഗങ്ങൾക്കും, ഓരോ തുറയിലും പ്രത്യേകം പ്രാതിനിധ്യം കിട്ടണമെന്നാണ് ഇന്നത്തെ വാദലക്ഷ്യം. ഈ നിലയിലാണ് വാദഗതിയെങ്കിൽ, വാദിക്കുന്നവർക്കേ വീതം കിട്ടുകയുള്ളുവെങ്കിൽ നായർ സമുദായത്തിന്റെ അവകാശങ്ങളെപ്പറ്റി രണ്ടുവാക്ക് ഇവിടെ പ്രസ്താവിക്കാതിരിക്കുന്നതു ഒരു കൃത്യവിലോപമായിരിക്കും. നായർ സമുദായത്തിൽ പിള്ള, തമ്പി, പണിക്കർ, കുറുപ്പ്, മേനോൻ, നായർ മുതലായ എത്രയോ അവാന്തരവിഭാഗങ്ങളുണ്ട്. അതിൽ ഞാൻ ഉൾപ്പെട്ടന്ന "കുറുപ്പ്" സമുദായത്തിന് ഇന്ന് പബ്ലിക്ക് സർവിസിൽ ശരിയായ പ്രാതിനിധ്യം സിദ്ധിച്ചിട്ടില്ല.

Mr. K. A. Raman Pillai : കുറുപ്പ് എന്നതു ഒരു പ്രത്യേക അവാന്തരവിഭാഗമാണോ?

Mr. N. Narayana Kurup : അതേ, അവർ ഏകദേശം ഒരു ലക്ഷത്തോളം ഉണ്ട്.

ഹൈക്കോടതി ജഡ്ജിമാരായോ, ഡിസ്ട്രിക്ട് ജഡ്ജിമാരായോ, കുറുപ്പു സമുദായത്തിൽനിന്നും ആരുമില്ല. സെക്രട്ടറി ജഡ്ജിമാരുടെ കൂട്ടത്തിലും, കുറുപ്പു സമുദായത്തിൽനിന്നും ആരും ഇല്ലെന്നതന്നെയല്ല നായർ സമുദായത്തിലെ ആരും ഇല്ല. ഒരു നായരും ഇല്ല. ഇതേ മാതിരിതന്നെ പണിക്കർ സമുദായത്തിനും പബ്ലിക്ക് സർവീസിൽ ശരിയായ പ്രാതിനിധ്യം ലഭിച്ചിട്ടില്ല. ബഹുമാനപ്പെട്ട പ്രസിഡന്റ് അവർകൾ തന്നെ ഇവിടത്തെ ഷേറി ബഞ്ചിലോട്ട് ഒന്നു നോക്കിയാൽ അവിടെയും ഒരു നായർ ഇല്ലെന്ന് മനസ്സിലാകും.

ഈ രീതിയിൽ വർഗ്ഗീയപ്രാതിനിധ്യവാദം തുടർന്നുകൊണ്ടുപോവുകയാണെങ്കിൽ ഇതിന് ഒരു അവസാനം വരുകയില്ല.

തിരുവിതാംകൂറിലെ പബ്ലിക്ക് സർവീസിലുള്ള നിയമനങ്ങളെ കുറിച്ചാണെങ്കിൽ, എല്ലാ സമുദായക്കാർക്കും തൃപ്തികരമായുള്ള ഒരു വ്യവസ്ഥ, രണ്ടു നിയമസഭകളിലേയും ജനപ്രതിനിധികളും, ഗവണ്മെന്റും ചേർന്ന് ഗാഢമായി പര്യാലോചനകൾ കഴിഞ്ഞു നിർമ്മിച്ചിട്ടുള്ളതാണു. ഈ വ്യവസ്ഥ അനുസരിച്ചാണ് ഇപ്പോൾ നിയമനങ്ങൾ നടത്തിവരുന്നതു. അതിനു വ്യത്യസ്തമായ ഒരു തീരുമാനം ഉണ്ടാക്കു

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. Narayana Kurup.]

ന്നതിന്, അതുപോലെ രണ്ടു സഭകളിലേയും ജനപ്രതിനിധികളും ഗവണ്മെൻറും ചേർന്നുള്ള ഒരു യോഗത്തിനെ അവകാശമുള്ളവെന്നും, അപ്രകാരം ആവശ്യമായ ഭേദഗതികൾ വരുത്തുന്നതുവരെ, ഇപ്പോൾ അനുവർത്തിച്ചുകൊണ്ടിരിക്കുന്ന തോതു് അനുസരിച്ചു് റിക്രൂട്ടുമെൻറു നടത്തുന്നതു് നന്നായിരിക്കുമെന്നാണു്, എൻെറ വിനീതമായ അഭിപ്രായം.

രണ്ടാമതായി, എനിക്കു പറയാനുള്ളതു്, തിരുവിതാംകൂർ ഗവണ്മെൻറു ചില സമുദായങ്ങളോടു് പക്ഷപാതം കാണിക്കുണ്ടെന്നു് ഒരു സ്നേഹിതൻ പ്രസ്താവിച്ചതിനെപ്പറ്റിയാണു്. മനുഷ്യനെപ്പോലെ തന്നെ ഗവണ്മെൻറും പക്ഷപാതം കാണിക്കുമെന്നും, ഏതാനും ചില വ്യക്തികൾ ഗവണ്മെൻറു നിയമങ്ങളേയും മറും ഏർപ്പെടുത്തിയതിനാൽ, അവരുടെ സമുദായത്തെ പക്ഷപാതത്തോടുകൂടി വീക്ഷിച്ചു ഉദ്യോഗങ്ങൾ കൊടുത്തിട്ടില്ലെന്നും അതു് ന്യായമാണെന്നും ആണു് അഭിപ്രായഗതി. ഞാൻ അതിനോടു യോജിക്കുന്നില്ല. ഗവണ്മെൻറു എല്ലാ സമുദായക്കാരേയും ഒരുപോലെ വീക്ഷിക്കുമെന്നും, അവർക്കുള്ള അസമത്വങ്ങളും ആവശ്യതകളും പരിഹരിക്കുമെന്നും, നമ്മുടെ ഗവണ്മെൻറു ഒരു ധർമ്മബോധമുള്ള ഗവണ്മെൻറാണെന്നും ഇന്നത്തെ ഭരണാധികാരി ഉച്ചൈസ്വരം പറയാറുണ്ടു്. അതിനു് വിപരീതമായിട്ടാണു് ചില സ്നേഹിതന്മാർ ഗവണ്മെൻറിൻെറ പ്രവർത്തകന്മാരെന്നപോലെ അഭിപ്രായങ്ങൾ പുറപ്പെടുവിക്കുന്നതു്. എൻെറ ഒരു സ്നേഹിതൻ പറഞ്ഞതുപോലെ വ്യക്തികളുടെ വ്യതിചലനത്തിനു് അവർ ശിക്ഷിക്കപ്പെടുന്നതിനും പുറമേ, സമുദായത്തെ അവഗണിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, ആ ഗവണ്മെൻറു ഒരു ധർമ്മബോധമുള്ള ഗവണ്മെൻറാണെന്നും പറയുവാൻ ഞാൻ തയ്യാറില്ല.

സർ, ഇനി പബ്ലിക്കു സർവീസ് കമ്മീഷണർ ഉദ്യോഗം വേണമോ എന്നുള്ള കാര്യമാണു്. ഉദ്യോഗനിയമനകാര്യത്തിനു് ഒരു നിശ്ചിതി പദ്ധതി നിർദ്ദേശിക്കപ്പെട്ടാൽ, അതനുസരിച്ചു ഒരു രജിസ്റ്റർ ഉണ്ടാക്കി അതുനോക്കി നിയമാനുസരണം വേണ്ടതു് ചെയ്യുന്നതിനു് ഇത്ര വലിയ ഒരു ഉദ്യോഗസ്ഥൻെറ ആവശ്യം കാണുന്നില്ല. ഈ ഉദ്യോഗം നിറുത്തി സെക്രട്ടറിയേറ്റിലെ ഒരു അസിസ്റ്റൻറു സെക്രട്ടറിയുടെ കീഴിലാക്കുന്നതാണു് ഉത്തമം. എല്ലാ സമുദായങ്ങളുടേയും പ്രതിനിധികളും അടങ്ങിയ ഒരു ഉപദേശകസമിതിയുടെ അഭിപ്രായപ്രകാരം പ്രവർത്തിക്കുന്നതിൽ യാതൊരു തെറ്റും വരാൻ ഇടയില്ല. അപ്പോൾ ഇതിൻെറ സെക്രട്ടറി

LIBRARY ARCHIVES Kerala Legislative Assembly

ഏതു സമുദായത്തിൽപ്പെട്ട ആളായിരിക്കണമെന്നുള്ള പ്രശ്നമാണ്. ഏതു സമുദായത്തിലുൾപ്പെട്ട ആളായാലും ഒരു കുഴപ്പവും ഇല്ലെങ്കിലും, അവശത അനുഭവിക്കുന്ന സമുദായത്തിലുൾപ്പെട്ട ഒരാൾ ആയിരിക്കണമെന്നുള്ള അഭിപ്രായമുള്ള ചിലരുടെ വാദത്തിനനുസരണമായി, പ്രത്യേക പരിഗണനയില്ലാത്തതായ റെഡ്യുാർ സമുദായത്തിൽ നിന്നോ മറ്റോ ഒരാളെ നിയമിക്കുന്നതിലാക്ഷേപമില്ലെന്നാണ് എന്റെ അഭിപ്രായം. ഇങ്ങനെ ഒരു നിശ്ചിതവ്യവസ്ഥയിന്മേൽ ഏർപ്പെടുത്തിക്കഴിഞ്ഞാൽ പിന്നെ നാല് അധികം മൂന്ന് = ഏഴ് എന്ന കണക്കു കൂട്ടുന്നമാതിരിയിലുള്ള ആവശ്യമേ വരികയുള്ളൂ. ഉപദേശകസമിതിയോ, സ്റ്റാഫ് സെലക്ഷൻബോർഡോ കൂടി ഉണ്ടാക്കുന്നപക്ഷം അതിനു ഞാൻ അനുകൂലിക്കയാണ്. ഇപ്രകാരം വരുന്നപക്ഷം ആളു ലാഭകരവും ഗുണകരവും ആയിരിക്കുകയും, പബ്ലിക്ക് സർവീസ് ഡിപ്പാർട്ടുമെന്റു നിറുത്തൽ ചെയ്യാവുന്നതും ആണ്.

അടുത്തതായി എഫിഷ്യൻസിയെപ്പറ്റിയാണ് എനിക്കു പറയുവാനുള്ളതു്. എഫിഷ്യൻസി അല്ലെങ്കിൽ കാര്യക്ഷമത എന്നുള്ള തത്വം ചില പാരമ്പര്യങ്ങളും അനുസരിച്ചാണ് കണ്ടുവരാറുള്ളതു്. കുടുംബപാരമ്പര്യം, സാഹചര്യം, പരിചയം, പരിതസ്ഥിതി, വാസന ഇങ്ങനെയുള്ള ചില അധിഷ്ഠാനങ്ങളെ ആശ്രയിച്ചുകൂടിയാണ് കാര്യക്ഷമത നില്ക്കുന്നതു്. ഓരോ സമുദായത്തിൽപ്പെട്ട തുല്യയോഗ്യതയുള്ളവർ, ഒരേ മാതിരി ഉദ്യോഗങ്ങളിലിരിക്കെ, ഒരാൾ മറ്റുള്ളവരെക്കാൾ ഉയർന്ന പടിയിൽ എത്തുന്നതു് നാം കാണാറുണ്ട്. ട്രഷറിബഞ്ചിലെ മെസ്സേഴ്സ് ജി. എൻ. തമ്പി, ഗോപാലപ്പണിക്കർ, കെ. ആർ. നാരായണയ്യർ, ഇവരെക്കണ്ടും, ഹൈക്കോടതി ജഡ്ജിമാരായ മെ. കെ. സി. എബ്രഹാം, ശങ്കരസുബ്ബയ്യർ ഇവരെക്കണ്ടും നമുക്ക് ഈ സംഗതി മനസ്സിലാക്കാം. അവരുടെ കുടുംബങ്ങളും തന്നെ, അനേകതലമുറകളായി വലിയവലിയ പാരമ്പര്യങ്ങളും, സ്ഥിതികളും ഉള്ളവരാണ്. ഈ നിലയിൽ സ്വതേ പ്രത്യേകം സിദ്ധിച്ചിട്ടുള്ളവക്കുള്ള യോഗ്യതകളും ഇന്ന യുദ്ധാഗതികൊണ്ടും മറ്റുചില പ്രത്യേകകാരണങ്ങളും കൊണ്ടും പെട്ടെന്നു പ്രബലമാകുന്ന ഒരാളിനു് ഉണ്ടാകുമെന്നു പറയുവാൻ എനിക്കു ധൈര്യമില്ല. കാര്യക്ഷമതയെ സംബന്ധിച്ചിടത്തോളം അതു് ഒരു സമുദായത്തിന്റെയും അടിസ്ഥാനമല്ല. ഉയർന്ന ഗ്രേഡിലുള്ള ഉദ്യോഗങ്ങളിൽ കാര്യക്ഷമതയെ ആസ്പദമാക്കി നിയമനങ്ങളും നടത്തുന്നതു് ഗവണ്മെന്റിനും പൊതുജനങ്ങൾക്കും ആവശ്യമാണു് എന്നാണ് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. Narayana Kurup.]

റി. സി. എസ്. എക്സാമിനേഷൻ നടത്തി ഉദ്യോഗനിയമനങ്ങൾ നടത്തുന്നതുകൊണ്ട് സബ്ബീസിലിരിക്കുന്ന അനവധി ഉദ്യോഗസ്ഥന്മാരുടെ മകളിൽ കുറെ ചെറുപ്പക്കാരെ പ്രവേശിപ്പിക്കുന്ന എന്നുള്ള ഒരു പരാതി പൊതുജനങ്ങളുടെ ഇടയിലുണ്ട്. റി. സി. എസ്. എക്സാമിനേഷനിൽ ചേരുന്നതിന് വയസ്സ് ക്ലിപ്തപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സബ്ബീസിലിരിക്കുന്നവർക്കും ചേരാനുള്ള സന്ദർഭം കൊടുക്കുന്നില്ല. സബ്ബീസിലിരിക്കുന്നവർക്കുംകൂടി ഈ പരീക്ഷയ്ക്ക് ഒരു ക്ലിപ്ത വയസ്സുവരെ, ചേരാനുള്ള സൌകര്യവുംകൂടി കൊടുത്താൽ അതു നന്നായിരിക്കും, എന്നാണ് എന്റെ അഭിപ്രായം.

President : Mr Ure will have to reply.

Mr. S. N. Ure: I thank Mr. Shahul Hameed for the good wishes that he offered to me. I would like to inform him in answer to one of the points raised by him that the recommendations of the Advisory Board in regard to the revision of the rules have on many occasions been submitted for the consideration of Government and have nearly always been accepted. It is difficult enough to keep up communal rotation. Even where there is a large number of appointments in each department it would be very difficult indeed. In other words, communal rotation can only be kept each class of appointment.

Mr. K. S. Joseph: I may suggest one point. If it is the purpose of the Public Service Commissioner to see that equal representation or proportionate representation is to be made, that also has to be kept in mind. How it has to be worked out is a different matter. But that has to be done.

Mr. S. N. Ure : I note that aspect. At present communal rotation is merely kept in each class of appointment, peons and clerks of each grade, etc., in the whole class of those appointments and not in each Department.

One or two members commented on the fact that backward communities were not properly represented in the intermediate division. The only reason for that is that candidates from those classes have not come forward for selection. In every case where people of the unrepresented and the backward classes had competed, they were appointed and only on 4 occasions, was it possible to make use of the reservations. That is why I think this House must consider some other means of getting this equal communal representation. It seems to me that what they should concentrated on is

LIBRARY ARCHIVES Kerala Legislative Assembly

producing qualified candidates in larger number,. If each community sets out to do that lither by getting special concessions from Government or on their own initiative. I am sure they will be able to compete on equal terms with the rest of the communities.

I was for taking away the reservation simply because it did no good. Retain it if you like for it does no harm but on the other hand it does no good either. If the House wants it to be retained, I have no objection to do so.

Mr. Sathyanesan was criticising the classification of the communities. That statistics is simply a replica of the Census reports. There are 19 recognised communities and they were decided upon by a joint committee of the House 4 years ago. If that division is found to be not satisfactory, that will have to be considered at another joint committee if and when you propose to have it. I think I have replied to all the points raised.

President: The House will now adjourn and meet again at 12 noon tomorrow.

The House adjourned at 5. 22 P. M.

S. VAIDYANATHA AIYAR,
Secretary to the Sri Chitra State Council.

LIBRARY ARCHIVES Kerala Legislative Assembly